

# അമ്പരപ്പിക്കുന്ന അവഗണനകൾ

**പ്രവേശനകവാടം, ചുറ്റുമതിൽ എന്നിവ സൗന്ദര്യവൽക്കരിച്ചുകൊണ്ട് മനോരോഗാശുപത്രികളുടെ മുഖച്ഛായ മാറ്റാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ട് ഏറെ വർഷങ്ങൾ ആയെങ്കിലും മനോരോഗികൾ ഇപ്പോഴും മനുഷ്യവാസത്തിനു യോഗ്യമല്ലാത്ത ദുർഗന്ധം വമിക്കുന്ന അന്തരീക്ഷത്തിലാണ് കഴിഞ്ഞുകൂടുന്നത്.**

**ഡോ. പി.എൻ സുരേഷ്കുമാർ**



ഇന്ത്യയിൽ പത്തു കോടി ജനങ്ങളെങ്കിലും വിവിധ മാനസികരോഗങ്ങളാൽ പ്രയാസപ്പെടുന്നു. കോടിയോളം പേർ ചികിത്സ വേണ്ടിവരുന്ന ഗുരുതരമായ മാനസികരോഗങ്ങൾ അനുഭവിക്കുന്നവരാണ്. എന്നാൽ ഇവിടെയുള്ളതാകട്ടെ പൊളിഞ്ഞുവീഴാറായ 43 സർക്കാർ മനോരാഗാശുപത്രികളും വെറും 4,000 സൈക്യാട്രിസ്റ്റുകളും. അവരിൽതന്നെ 70 ശതമാനവും സേവനമനുഷ്ഠിക്കുന്നത് നഗരങ്ങളിലെ സ്വകാര്യ ആശുപത്രികളിലാണ്. ഒരു സൈക്യാട്രിസ്റ്റിനെ കൊണ്ടുമാത്രം പ്രവർത്തിക്കുന്ന 331 കിടക്കകളുള്ള വാരണാസിയിലെ മനോരോഗാശുപത്രിയെപ്പറ്റി 2008ൽ ദേശീയ മനുഷ്യാവകാശകമ്മിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018 ആയപ്പോഴും ഒന്നോ രണ്ടോ ഡോക്ടറെ കൂടി മാത്രമാണ് ഈ ആശുപത്രിക്ക് അധികമായി ലഭിച്ചത്.

മനോരോഗ വിദഗ്ധന്മാരെപ്പോലെ മറ്റ് അനുബന്ധ ജീവനക്കാരുടെ എണ്ണത്തിലും ക്ഷാമം രൂക്ഷമാണ്. ഇന്ത്യയിലെ മിക്ക മനോരോഗാശുപത്രികളിലും നഴ്സുമാരുടെ ഒഴിവുകൾ 30 ശതമാനത്തിലധികമാണ്. രോഗികളെ അനസ്തേഷ്യ നൽകി മയക്കിയ ശേഷം നൽകേണ്ട ഇലക്ട്രോ കൺവൽസീവ് തെറാപ്പി ഇന്നും മിക്ക ആശുപത്രിയിലും അനസ്തേഷ്യ നൽകാതെയാണ് ചെയ്തുവരുന്നത്. വിദഗ്ധർമാരില്ലെന്നതാണ് ഇതിനു കാരണം. മിക്ക ആശുപത്രികളുടെയും തലപ്പത്തിരിക്കുന്നത് മനോരോഗ ചികിത്സയുമായി ഒരു ബന്ധവുമില്ലാത്തവരാണെന്നതാണ് മറ്റൊരു ദുഃഖസത്യം. ഫിസിഷ്യന്മാരുടെയും ഗൈനക്കോളജിസ്റ്റുകളുടെയും നിയന്ത്രണ

ത്തിലുള്ള ചില ആശുപത്രികളും അക്കൂട്ടത്തിലുണ്ട്. മനോരോഗാവസ്ഥയുടെ സങ്കീർണതയെക്കുറിച്ചും രോഗികൾക്കു നൽകേണ്ട പരിചരണത്തെക്കുറിച്ചും അത്തരക്കാർക്ക് പരിജ്ഞാനം വളരെ കുറവായിരിക്കും.

പ്രവേശനകവാടം, ചുറ്റുമതിൽ എന്നിവ സൗന്ദര്യവൽക്കരിച്ചുകൊണ്ട് മനോരോഗാശുപത്രികളുടെ മുഖച്ഛായ മാറ്റാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ട് ഏറെ വർഷങ്ങൾ ആയെങ്കിലും മനോരോഗികൾ ഇപ്പോഴും മനുഷ്യവാസത്തിനു യോഗ്യമല്ലാത്ത ദുർഗന്ധം വമിക്കുന്ന അന്തരീക്ഷത്തിലാണ് കഴിഞ്ഞുകൂടുന്നത്. ഫാനുകളില്ലാത്ത ഒറ്റമുറികളിലെ താപനില മിക്കപ്പോഴും 40° സെൽഷ്യസിൽ കൂടുതലായിരിക്കും. മിക്ക വാർഡുകളിലും കട്ടിലുകളില്ലാത്തതിനാൽ രോഗികൾ വൃത്തിഹീനമായ വെറും തറയിലാണ് കിടക്കേണ്ടിവരുന്നത്. പഴയകാലത്തെ ജയിലറകളെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ഇടുങ്ങിയ മുറികളിൽ രോഗികൾ ദിവസവും 17 മണിക്കൂറിലധികം യാതൊരു മാനസികോല്ലാസവുമില്ലാതെ കഴിഞ്ഞുകൂടുന്നു. പ്രാഥമിക സൗകര്യങ്ങളുടെ അഭാവത്തെക്കുറിച്ച് പരാതിപ്പെടുന്ന രോഗികൾക്ക് ആശുപത്രി ജീവനക്കാരിൽനിന്ന് മർദനവുമേൽക്കാറുണ്ട്.

സർക്കാർ മേഖലയിൽ വെറും 43 മനോരോഗാശുപത്രികളാണ് ഇന്ത്യയിലുള്ളത്. അവയാകട്ടെ വൃത്തിയുള്ള വെള്ളവും വേണ്ടത്ര വായുസഞ്ചാരവും ഇല്ലാത്തവയാണെന്നാണു യാഥാർഥ്യം. ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ 1999, 2011 വർഷങ്ങളിലെ റിപ്പോർട്ടുകളും ഇതു ശരിവയ്ക്കുന്നു. ഒരു കാലത്ത് ബ്രിട്ടിഷ് ഭരണകാലത്തെ തടവറകളായിരുന്ന ഒട്ടേറെ സർക്കാർ മനോരോഗാശുപത്രികൾ ഇന്ന് ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ഇതാണു മനോരോഗികളോടുള്ള ഇന്ത്യൻ ഭരണകൂടത്തിന്റെ മനോഭാവം.

## ബജറ്റ് വിഹിതം

എല്ലാ രാജ്യങ്ങളിലും എക്കാലത്തും ഏകദേശം പത്തു ശതമാനത്തോളം പേർ പലതരത്തിലുള്ള മാനസികപ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെന്നും ലോകത്തിലെ ഏതെങ്കിലും നാലു വ്യക്തികളെ ഒരു ഗ്രൂപ്പാക്കിയാൽ അതിൽ ഒരാൾ അയാളുടെ ജീവിതകാലയളവിൽ ചിലപ്പോഴെങ്കിലും പലവിധത്തിലുള്ള മാനസിക പ്രശ്നങ്ങൾ അനുഭവിച്ചിട്ടുണ്ടാകാമെന്നും ലോകാരോഗ്യ സംഘടന പറയുന്നു.

> **മിക്ക ആശുപത്രികളുടെയും തലപ്പത്തിരിക്കുന്നത് മനോരോഗ ചികിത്സയുമായി ഒരു ബന്ധവുമില്ലാത്തവരാണ്. ഗൈനക്കോളജിസ്റ്റുകളുടെ നിയന്ത്രണത്തിലുള്ള ചില ആശുപത്രികളും അക്കൂട്ടത്തിലുണ്ട്.**

ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ 70% പേർ പലതരത്തിലുള്ള മാനസികപ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെന്നു പറയുമ്പോൾ അവരുടെ എണ്ണം എട്ടു കോടിയോളം വരുമെന്ന കാര്യം അറിയേണ്ടതുണ്ട്. ചുരുക്കത്തിൽ ഒരു മാനസികരോഗിയുടെ പരിപാലനത്തിനായി നമ്മുടെ സർക്കാർ വർഷത്തിൽ വെറും 13 രൂപ മാത്രമാണു ചെലവഴിക്കുന്നത്. യഥാർഥത്തിൽ അത്യാവശ്യ മരുന്നുകൾ, ഭക്ഷണം, താമസം എന്നിവയ്ക്കായി മാസത്തിൽ ചുരുങ്ങിയത് 500 രൂപയെങ്കിലും ചെലവു വരുന്നു. ഇന്ത്യൻ ജനതയുടെ മാനസികാരോഗ്യ സംരക്ഷണത്തിനു സർക്കാർ പ്രഥമ പരിഗണന നൽകുന്നില്ല എന്നതുതന്നെയാണ് ഇതിന്റെ അർഥം. 1982ൽ ഇന്ത്യാ ഗവൺമെന്റ് തുടങ്ങിവച്ച ജില്ലാ മാനസികാരോഗ്യ പദ്ധതി 1996 വരെ ഫയലിൽ ഉറങ്ങുകയാണുണ്ടായത്. 1996ൽ 27





കോടി രൂപ ചെലവു പ്രതീക്ഷിച്ച് നടപ്പാക്കിത്തുടങ്ങിയ ഈ പദ്ധതി ഇന്നു രാജ്യത്ത് കേവലം 123 ജില്ലകളിൽ മാത്രമാണ് നടപ്പാക്കാനായത്. യഥാർഥത്തിൽ മാനസികരോഗികളുടെ പരിപാലനത്തിനു പണമില്ലായ്മ അല്ല പ്രശ്നം, പണം വേണ്ട രീതിയിൽ വിനിയോഗിക്കാത്തതാണ്. കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും മനോരോഗികൾക്കുള്ള കേന്ദ്രഫണ്ടുകൾ വേണ്ടവിധത്തിൽ ഉപയോഗിക്കാതെ തിരിച്ചടയ്ക്കുകയാണ് ചെയ്യുന്നത്. വളരെ ശ്രദ്ധയോടെ മനോരോഗാശുപത്രികളുടെ നടത്തിപ്പ് പരിശോധിക്കാൻ പോലും ഇവിടെ ആളില്ല എന്നത് സങ്കടകരമായ മറ്റൊരു കാര്യം. നമുക്കൊരു കേന്ദ്ര മാനസികാരോഗ്യ അതോറിറ്റി നിലവിലുണ്ടെങ്കിലും അതിലെ അംഗങ്ങൾ തമ്മിൽ കണ്ടുമുട്ടുന്നത് വർഷങ്ങളുടെ ഇടവേളകളിലാണ്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കേരളത്തിൽ കേന്ദ്രഫണ്ടിൽ നിന്ന് അനുവദിച്ച 9,98 കോടി രൂപയിൽ വെറും 4.07 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്.

## നടതള്ളൽ പ്രതിഭാസം

അധികൃതരുടെ അലംഭാവവും സമൂഹത്തിന്റെ നിസ്സംഗതയും മുതലെടുത്തു മനോരോഗികളെ ചില കേന്ദ്രങ്ങളിൽ കൊണ്ടുപോയി നടതള്ളി ശല്യം ഒഴിവാക്കുന്നവരുടെ എണ്ണം വർധിച്ചു വരികയാണ്. തൃശൂരിൽ നിയമവിരുദ്ധമായി പ്രവർത്തിച്ചുവന്ന ഒരു മാനസികാരോഗ്യ കേന്ദ്രം നാട്ടുകാർ അടിച്ചുതകർത്ത വാർത്ത പുറത്തുവന്നിട്ട് അധികനാളായില്ല. മനുഷ്യവാസയോഗ്യമല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞിരുന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 6 കുട്ടികളടക്കം 41 ആളുകളെയാണ് ഇവിടെനിന്നു മോചിപ്പിച്ചത്. ആ കേന്ദ്രത്തിൽ നിന്നുള്ള മലമൂത്ര വിസർജ്യങ്ങളുടെ ദുർഗന്ധം കാരണമാണ് സ്ഥാപനത്തെക്കുറിച്ച് പുറംലോകമറിഞ്ഞത്. വിവരമറിഞ്ഞ് റെയ്ഡിനെത്തിയ ആരോഗ്യവകുപ്പ് അധികൃതർ നഗ്നരായ, ചങ്ങലയ്ക്കിട്ട, കുടുംബാംഗങ്ങൾ ഉപേക്ഷിച്ച ദീനരായ ഒരു കൂട്ടം രോഗികളെയാണ് അവിടെ കണ്ടത്. അവരിൽ പലരും മലത്തിൽ ഇഴയുകയും മലം തിന്നുകയും ചെയ്യുകയുണ്ടായിരുന്നു. ശരീരത്തിൽ മർദനത്തിന്റെയും ശസ്ത്രക്രിയ നടത്തിയതിന്റേയും പാടുകൾ ഉണ്ടായിരുന്നത്. ആ സ്ഥാപനത്തിന്റെ നടത്തിപ്പുകാർക്ക് വൃക്കമാഫിയയുമായി ബന്ധമുണ്ടെന്ന പൊതുജനങ്ങളുടെ ആരോപണത്തെ ബലപ്പെടുത്തുന്നതായിരുന്നു ഇത്. രജിസ്റ്ററിൽ 78 രോഗികളുടെ പേരുകൾ ഉണ്ടായിരുന്നെങ്കിലും റെയ്ഡിൽ വെറും 41 രോഗികളെ മാത്രമേ കണ്ടുള്ളു. നിർഭാഗ്യവശാൽ ഈ വിധത്തിൽ രോഗികളെ കൊണ്ടുവന്ന് നടതള്ളുന്ന പ്രവൃത്തി തന്നെയാണ് മിക്ക സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും നടക്കുന്നത്. അതേസമയം സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ മരിച്ച രോഗികളുടെ മൃതദേഹങ്ങൾ പോലും ഏറ്റെടുക്കാൻ ബന്ധുക്കൾ തയാറാകാത്ത സ്ഥിതിയുമുണ്ടിന്ന്.

> അധികൃതരുടെ അലംഭാവവും സമൂഹത്തിന്റെ നിസ്സംഗതയും മുതലെടുത്തു മനോരോഗികളെ ചില കേന്ദ്രങ്ങളിൽ കൊണ്ടുപോയി നടതള്ളി ശല്യം ഒഴിവാക്കുന്നവരുടെ എണ്ണം വർധിച്ചു വരികയാണ്.

തെക്കേ ഇന്ത്യയിലെ കാടുകളിൽ മനോരോഗികളെ ഉപേക്ഷിക്കുന്ന പ്രവണതയാണ് ഏറെ ഞെട്ടലുണ്ടാക്കുന്നത്. വടക്കെ ഇന്ത്യയിൽ നിന്നുള്ള ലോറികളിലാണ് മിക്ക രോഗികളെയും ഇവിടെ കൊണ്ടെത്തിക്കുന്നത്. സ്ത്രീകളും കുട്ടികളടക്കമുള്ള രോഗികളെ നാടുകടത്താൻ ബന്ധുക്കൾ ലോറി ഡ്രൈവർമാർക്ക് വൻതുക നൽകുന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടുന്ന രോഗികളെ ബലാത്സംഗം ചെയ്തതിനുശേഷം കാട്ടിൽ തള്ളുന്ന ഡ്രൈവർമാരുണ്ടെന്നു വയനാട്-ബന്ദിപ്പൂർ വനമേഖലകളിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നു. ഈ വിധത്തിൽ മനോരോഗികളെ നിഷ്കരുണം നടതള്ളുന്ന കുടുംബാംഗങ്ങളെ ക്രൂരന്മാരെന്ന് വിളിക്കുന്നതിനു മുൻപായി ഇത്തരം നിഷ്ഠുരപ്രവൃത്തികൾക്ക് അവരെ പ്രേരിപ്പിക്കുന്നത് എന്താണ് എന്നതിനെക്കുറിച്ച് വിചാരപ്പെടേണ്ടിയിരിക്കുന്നു.